**പതിനാലാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.666** **04.03.2020-ൽ മറുപടിയ്ക്ക്**

**പദ്ധതികൾ ഒരു വെബ്സൈറ്റ് വഴി നടപ്പാക്കാൻ നടപടി**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിനുകീഴിലെ പല പദ്ധതികളും നടപ്പാക്കുന്നത് വ്യത്യസ്ത വെബ് സൈറ്റുകൾ വഴിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇ-ഹൗസിംഗ്, ഇ-ഗ്രാന്റ്സ്, ടി-ഗ്രാന്റ്സ് മുതലായ ഒരേ വകുപ്പിലെ വ്യത്യസ്ത പദ്ധതികൾ വ്യത്യസ്ത സൈറ്റുകൾ വഴി കൈകാര്യം ചെയ്യുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>വ്യത്യസ്ത പദ്ധതികളിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്ന രീതിയും തുകയും പദ്ധതിയുടെ സ്വഭാവവും പദ്ധതി നടപ്പിലാക്കുന്ന മാനദണ്ഡങ്ങളും വ്യത്യസ്ത തരത്തിൽ ആകയാൽ ഇ-ഹൗസിംഗ്, ഇ-ഗ്രാന്റ്സ്, ടി-ഗ്രാന്റ്സ് എന്നിവ ഒരേ സൈറ്റിൽതന്നെ ക്രമീകരിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |
| (സി) | ഇവ ഏകീകരിക്കുന്നതിനും ഒരു സൈറ്റിൽ തന്നെ വ്യത്യസ്ത പേജുകളാക്കി ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**